(സി) കണക്ടഡ് ലോഡ് 1000 വാട്ടിന് താഴെയുള്ള ചെറുകിട കച്ചവടക്കാരെ 7-ബി വിഭാഗത്തിലാണോ ഉൾപ്പെടുത്തുന്നത് ;

(ഡി) എങ്കിൽ ഇതനുസരിച്ച് ഒരു യൂണിറ്റിനുള്ള നിരക്ക് എത്രയാണ് ;

(ഇ) അല്ലെങ്കിൽ ഏത് വിഭാഗത്തിലാണെന്നും നിരക്ക് എത്രയാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊമേഴ്സ്യൽ താരിഫായ എൽ.റ്റി.VII വിഭാഗത്തിലാണ് കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. കൊമേഴ്സ്യൽ പ്രവത്തനങ്ങൾക്കായുള്ള പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കളെ കണക്ടഡ് ലോഡിന്റേയും ചെയ്യുന്ന കച്ചവടത്തിന്റേയും സ്വഭാവമനുസരിച്ച് VII(എ), VII(ബി), VII (സി), VII (ഡി) എന്നീ നാല് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അവയുടെ വൈദ്യുതി നിരക്കിന്റെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.† എന്നാൽ എച്ച്.റ്റി. വിഭാഗത്തിന് കണക്ടഡ് ലോഡ് കണക്കാക്കി താരിഫ് നിരക്കിൽ വ്യത്യാസം വരുന്നില്ല.

(ബി) ഗാർഹിക ഉപഭോക്താക്കളെ എൽ.റ്റി. 1(എ) താരിഫ് വിഭാഗത്തിലാണ് പെടുത്തിയിരിക്കുന്നത്. പ്രസ്തുത താരിഫിൽ കണക്ടഡ് ലോഡ് ആധാരമായി എനർജി ചാർജ്ജ് വ്യത്യാസപ്പെടുന്നില്ല.

(സി) അതെ.

(ഡി) 100 യൂണിറ്റ് വരെ - 195 പൈസ. 100 യൂണിറ്റിനുമുകളിൽ - 465 പൈസ.

(ഇ) ബാധകമല്ല.

മലപ്പുറം ജില്ലയിലെ മിനിമം ഗ്യാരന്റി വച്ച വൈദ്യുതി വർക്കുകൾ

95(998) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ മിനിമം ഗ്യാരന്റി വച്ച വൈദ്യുതി വർക്കുകൾ എത്രയുണ്ട് ;

(ബി) ഇവയിൽ ഗാർഹിക അപേക്ഷകരും ഗാർഹികേതര അപേക്ഷകളും ജില്ലയിൽ എത്രയാണെന്ന് വ്യക്തമാക്കാമോ ;

---

†അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവർക്ക് എന്നത്തേയ്ക്ക് കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 321 എണ്ണം.

(ബി) ഗാർഹിക അപേക്ഷകർ - 180 എണ്ണം,

ഗാർഹികേതര അപേക്ഷകൾ-141 എണ്ണം.

(സി) 31-3-1994 വരെ മിനിമം ഗ്യാരന്റി വച്ചിട്ടുള്ള ജോലികൾ 31-3-2000-ത്തിനകം തീർക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

വൈദ്യുതി ബോർഡിന്റെ കടം

96(999) ശ്രീ. എ. കെ. മണി :

ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് ഇപ്പോൾ ഒട്ടാകെ എന്ത് കടമുണ്ട് ;

(ബി) ഇതിൽ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് തുക ഉൾപ്പെടുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്ത് തുകയെന്ന് വെളിപ്പെടുത്തുമോ ;

(സി) വൈദ്യുതി വിറ്റ ഒരു വർഷം എന്ത് തുക ബോർഡിന് ഇപ്പോൾ കിട്ടും ; ബോർഡ് ഒരു വർഷം എന്തു തുക പലിശ കൊടുക്കേണ്ടതുണ്ട് ;

(ഡി) ബോർഡിന്റെ പ്രതിവർഷവരവിന്റെ എത്ര ശതമാനം പലിശ ഇനത്തിലും, കടം വീട്ടുന്നതിനുമായി കൊടുക്കേണ്ടതുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1998-99-ലെ ബോർഡിന്റെ താൽക്കാലിക കണക്കനുസരിച്ച് 31-3-1999-ലെ ബോർഡിന്റെ കടം 3027.50 കോടി രൂപയാണ്.

(ബി) പ്രോവിഡന്റ് ഫണ്ട് ഇനത്തിലുള്ള തുക ബോർഡിന്റെ കടത്തിൽ വരുന്നതല്ല.

(സി) 1998-99-ലെ ബോർഡിന്റെ താൽക്കാലിക കണക്കനുസരിച്ച് 1234.71 കോടി രൂപ വൈദ്യുതി വിൽപ്പനയിൽ ലഭ്യമായി. ധനകാര്യസ്ഥാപനങ്ങൾക്കും, ബോണ്ടുകൾക്കുമായി 1998-99-ലെ താൽക്കാലിക കണക്കനുസരിച്ച് 285.64 കോടി രൂപ പലിശ ഇനത്തിൽ നൽകിയിട്ടുണ്ട്.

(ഡി) 1998-99-ലെ താൽക്കാലിക കണക്കനുസരിച്ച് മൊത്തം വരുമാനത്തിന്റെ 22.70% പലിശയിനത്തിലും, 12.11% കടം വീട്ടാനുമായി കൊടുക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly